**പത്രക്കുറിപ്പ് (22.02.2017 )**

**ഗുണ്ടകൾക്കെതിരെ കർശന നടപടികളുമായി തൃശ്ശൂർ സിറ്റി പോലീസ്.**

കുപ്രസിദ്ധ ഗുണ്ടാ തലവൻ കടവി രഞ്ജിത്ത്, ജിയോ @ കറമ്പൂസ് എന്നിവരുടെ സംഘത്തിലുൾപ്പെട്ടവർ അറസ്റ്റിൽ

സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽ ഉണ്ടാകുന്ന ഗുണ്ടാ ആക്രമണങ്ങളുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ സിറ്റി പോലീസ് പരിധിയിലെ ഗുണ്ടാ സംഘങ്ങളുടെ പ്രവർത്തനങ്ങൾ തടയുന്നതിനായി തൃശ്ശൂർ റേഞ്ച് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് എം.ആർ അജിത് കുമാർ IPS ൻെറ നിർദ്ദേശപ്രകാരം ജില്ലാ പോലീസ് മേധാവി നാരായണൻ. ടി IPS ൻെറ നേതൃത്വത്തിൽ ഇന്നലെ രാത്രി ഗുണ്ടാ സംഘാംഗങ്ങളുടെ താവളങ്ങളിൽ പ്രത്യേക പരിശോധന നടത്തി. സിറ്റി പോലീസിലെ അസി. പോലീസ് കമ്മീഷണർമാരെ വിവിധ സംഘങ്ങളായി തരം തിരിച്ച് ഗുണ്ടാ സംഘങ്ങളുടെ വാസസ്ഥലങ്ങളിലും അത്തരക്കാർ തമ്പടിക്കുന്ന ഇടങ്ങളിലും ഒരേ സമയം നടത്തിയ പരിശോധനയിൽ 154 പേരെ പരിശോധനയ്ക്ക് വിധേയരാക്കുകയും, ഗുണ്ടാ പ്രവർത്തനങ്ങളിൽ സജീവമാണെന്ന് കാണപ്പെട്ട 72 പേരെ കരുതൽ നടപടികൾ എന്ന നിലയിൽ അറസ്റ്റ് ചെയ്യുകയും ചെയ്തു. കുപ്രസിദ്ധ ഗുണ്ടാ തലവൻ കടവി രഞ്ജിത്തിൻെറയും, ഒല്ലൂർ കേന്ദ്രീകരിച്ച് ഗുണ്ടാ പ്രവർത്തനം നടത്തി വരുന്ന ജിയോ @ കറമ്പൂസിൻെറയും, വിയ്യൂർ കേന്ദ്രീകരിച്ച് ഗുണ്ടാ പ്രവർത്തനങ്ങൾ നടത്തി വരുന്ന രാജീവ് @ തക്കാളി രാജീവ് എന്നിവരുടെയും സംഘത്തിൽ ഉൾപ്പെട്ടവരാണ് അറസ്റ്റിലായവരിൽ ഭൂരിഭാഗവും. രാത്രി കാലങ്ങളിൽ റെയിൽവേ സ്റ്റേഷനുകൾ, ബസ്സ് സ്റ്റാൻഡുകൾ എന്നിവ സാമൂഹ്യവിരുദ്ധരുടെ താവളങ്ങളായി മാറുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി റെയിൽവേ സ്റ്റേഷനുകളിലും ബസ്സ് സ്റ്റാൻഡുകളിലും പരിശോധന നടത്തുകയും, അപരിചിതരായി കണ്ട 64 പേരെ ചോദ്യം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇവരെ പറ്റിയുള്ള കൂടുതൽ വിവരങ്ങൾ പോലീസ് ശേഖരിച്ച് വരികയാണ്. ഗുണ്ടകൾക്ക് പുറമെ വിവിധ ക്രിമനൽ കേസ്സുകളിൽ ഉൾപ്പെട്ട് ഒളിവിൽ കഴിഞ്ഞു വന്നിരുന്ന 67 പേരും പരിശോധനയ്ക്കിടയിൽ പോലീസ് പിടിയിലായിട്ടുണ്ട്. പൊതുസ്ഥലത്തും മറ്റും

മദ്യപാനം നടത്തിയ 21 പേർക്കെതിരെയും, പൊതുജനശല്യം ഉണ്ടാക്കിയ 97 പേർക്കെതിരെയും നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കവർച്ച, പിടിച്ചുപറി മുതലായ കുറ്റകൃത്യങ്ങളിൽ മുൻകാലങ്ങളിൽ ഉൾപ്പെട്ടവരായ 46 പേരെയും അവരുടെ വാസസ്ഥലങ്ങളിൽ ചെന്ന് പരിശോധിച്ചിട്ടുള്ളതാണ്. ഗുണ്ടകൾക്ക് ബ്ലേഡ്/ലഹരി മാഫിയ സംഘങ്ങളിൽ നിന്നും സഹായങ്ങൾ കിട്ടുന്നുണ്ടെന്നുള്ള വിവരത്തിന്റെ അടിസ്ഥാനത്തിൽ അത്തരക്കാരുടെ വിവരങ്ങൾ ശേഖരിച്ച് നിരീക്ഷിക്കുവാൻ സർക്കിൾ ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരക്കാർക്കെതിരെയും വരും ദിവസങ്ങളിൽ കർശന നടപടികൾ ഉണ്ടാകുന്നതാണ്.

Sd/-

ജില്ലാ പോലീസ് മേധാവി,
തൃശ്ശൂർ സിറ്റി.